പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1638 11.08.2017 ൽ മറുപടിക്ക്

## എറണാകുളത്ത് ജലഗതാഗത രംഗത്തെ യാത്രാക്ലേശം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) എറണാകുളം, ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, വൈപ്പിൻ എന്നീ മേഖലകളിലെ ജലഗതാഗത രംഗത്തെ ന്യൂനതകൾ, യാത്രാക്ലേശവും പൊതുജനങ്ങളുടെ ജീവന് ഭീഷണിയും സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ജലഗതാഗത രംഗത്തെ ന്യൂനതകളും യാത്രാക്ലേശവും പരിഹരിക്കുന്നതിനായി ഡ്രൈഡോക്ക് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും കാലപ്പഴക്കം ചെന്ന 14 ബോട്ടുകൾ മാറ്റി ആധുനിക രീതിയിലുള്ള ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനായി ജി.ഒ(ആർ.റ്റി) 450/2016 ഗതാ തീയതി 29.11.2016 പ്രകാരം സർക്കാരിൽ നിന്നും അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ബോട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് അവയെ സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് എറണാകുളം മേഖലയിലെ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) പരാതികളും നിവേദനങ്ങളും സമർപ്പിച്ചിട്ടും ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കുമോ; | (ബി) പരാതികളും നിവേദനങ്ങളും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പഴക്കംചെന്ന ബോട്ടുകൾ മാറ്റി പുതിയവ വാങ്ങുന്നതിന് ജി.ഒ(ആർ.റ്റി) നമ്പർ 450/2016/ഗതാ തീയതി 29.11.2016 പ്രകാരം സർക്കാരിൽ നിന്നും അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ആധുനിക രീതിയിലുള്ള 14 ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. |
| (സി) 03.12.2016 ൽ എറണാകുളം ഗസ്റ്റ് ഹൗസിൽ ചേർന്ന അവലോകന യോഗ തീരുമാനപ്രകാരം മട്ടാഞ്ചേരി ബോട്ട് ജെട്ടിയിൽ എക്കൽ നീക്കം ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (സി) ജെട്ടികളിൽ ഡ്രഡ്ജിംഗ് നടത്തി ആഴം കൂട്ടുന്ന ജോലികൾ ചെയ്യുന്നതിന് ഇറിഗേഷൻ വകുപ്പിന് പലതവണ കത്തുകൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇറിഗേഷൻ വകുപ്പ് ടി ജോലികൾ ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കുന്നതിനായി വകുപ്പിന് നല്കുകയാണ് ഉണ്ടായത്. ടി പ്രവർത്തി ചെയ്യുന്നതിലേക്ക് സംസ്ഥാന ജലഗതാഗത വകുപ്പിൽ തുക അനുവദിച്ചിട്ടില്ലെന്നും ഇറിഗേഷൻ വകുപ്പിൽ ടി പ്രവർത്തികൾക്കായി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് അടിയന്തിരമായി ടി പ്രവർത്തികൾ പൂർത്തീകരിച്ച് നല്കണമെന്നും |

കാണിച്ച് ഇറിഗേഷൻ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. 03.12.2016 ന് ചേർന്ന യോഗ തീരുമാനപ്രകാരം ഡ്രെജിംഗ് നടത്തുന്നതിനുവേണ്ട സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി ഇറിഗേഷൻ, ട്രാൻസ്പോർട്ട് എന്നീ വകുപ്പുകളുടെ ബഹു. മന്ത്രിമാരുമായി യോഗം ചേരുന്നതിനു തീരുമാനിച്ചു കൂടാതെ എം.എൽ.എ മാരുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്നതിന് എറണാകുളം ട്രാഫിക് സൂപ്രണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | അപകടം നിറഞ്ഞ ഈ റൂട്ടിൽ ജീവന് ഭീഷണിയാകുന്ന രീതിയിൽ ബോട്ടുകൾ നിശ്ചലമായി പോകുന്നതും, കടലിലേക്ക് ഒഴുകുന്നതും നിത്യസംഭവമായി മാറിയിട്ടുള്ളത് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (ഡി) പെട്ടെന്നുണ്ടാകുന്ന സാങ്കേതിക തകരാറുകൾ മൂലം ചില സന്ദർഭങ്ങളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ആയത് പരിഹരിക്കുന്നതിന് വകുപ്പിലെ ഏറ്റവും സീനിയറായ ഫോർമാനെ എറണാകുളം മെക്കാനിക്കൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ